ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അതിവേഗം കൈക്കൊള്ളുന്നതിനായി ഒരു ഉന്നതതലയോഗം വിളിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഏറ്റവും പ്രധാനപ്പെട്ടതാണ്. 137 ഏക്കർ ഭൂമിയാണ് നമുക്ക് ആവശ്യമായി വരുന്നത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽത്തന്നെ പല യോഗങ്ങൾ ഇതിനകം ചേർന്നിരുന്നു. തദ്ദേശവാസികളുടെയും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെയും ശക്തമായ എതിർപ്പ് ഉണ്ടായതുകൊണ്ടാണ് ഒരു നടപടിയും സ്വീകരിക്കാതെ വന്നത്. ചർച്ചകളെ തുടർന്ന് ആ എതിർപ്പുകളിൽ ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. ഒരു പാക്കേജോടുകൂടി ഭൂമി ഏറ്റെടുക്കാം. 176 വീടുകൾ, ഒരു മുസ്ലീം പള്ളി, ഒരു ക്ഷേത്രം എന്നിവ ഇതിനകത്ത് വരുന്നുണ്ട്. ഈ 176 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ 20 ഏക്കർ സ്ഥലംകൂടി ഈ പാക്കേജിന്റെ ഭാഗമായി ഏറ്റെടുക്കുവാനുള്ള നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) മലയാറ്റൂർ രാമകൃഷ്ണന് സ്മാരകം

ശ്രീ. സാജു പോൾ : സർ, തോക്കും ചക്രവും കണ്ടുപിടിച്ചത് ലോക ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്. ഇവ കണ്ടെത്തിയശേഷം കായികശേഷി വിജയം അനിവാര്യമല്ലാതായിത്തീർന്നു. ചക്രങ്ങൾ യന്ത്രങ്ങളിലേക്കും വൈദ്യുതിയിലേക്കും നമ്മെ നയിച്ചു. യന്ത്രങ്ങളിൽ വച്ച് ഏറ്റവും വലിയ യന്ത്രമാണ് ഭരണയന്ത്രം. പ്രത്യക്ഷമല്ലെങ്കിലും എല്ലാത്തിന്റേയും പ്രഭവ കേന്ദ്രമാണ് ഭരണയന്ത്രം. അസ്വാഭാവികതയിൽ സ്വാഭാവികത ജനിപ്പിക്കുന്ന യഥാർത്ഥ കലയെ അങ്ങേയറ്റം ആർജ്ജവത്തോടുകൂടി അവതരിപ്പിച്ച വ്യക്തിത്വത്തിനുടമയാണ് മലയാറ്റൂർ രാമകൃഷ്ണൻ- 'ബ്രിഗേഡിയർ കഥകളും', 'വലിയ ലോകവും ചെറിയ മനുഷ്യനും', 'വേരുകളും', 'യക്ഷിയും' നമുക്ക് സമ്മാനിച്ച മഹാനായ കലാകാരൻ, ഡോ. ഡി. ബാബുപോളിനും സിനിമാതാരം ജയറാമിനുമെല്ലാം ഒപ്പം പെരുമ്പാവൂരുകാർ മനസ്സിൽ ചേർത്തോമനിച്ചു വരുന്ന ഒരു വലിയ മനുഷ്യനാണ് മലയാറ്റൂർ രാമകൃഷ്ണൻ. ഒരു ആദർശവാദിയുടെ തലയെടുപ്പും സർക്കാർ ഉദ്യോഗസ്ഥന്റെ വയർ പൊറുപ്പും തമ്മിലുള്ള സംഘട്ടനത്തിലെ ഗതിവിഗതികളിൽ സമചിത്തത പുലർത്തിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ദർശനങ്ങളുടെ ദ്വൈതാദ്വൈതഭേദങ്ങളാൽ പിച്ചിച്ചീന്തപ്പെട്ട കൗമാരവുമായി നടന്ന ഘട്ടത്തിൽ പി. കൃഷ്ണപിള്ളയും പനമ്പിള്ളി ഗോവിന്ദമേനോനും, ഐ. ജി. ചന്ദ്രശേഖരൻ നായരുമെല്ലാമായി സഹവസിച്ച് ദിശാബോധം നേടിയ മലയാറ്റൂർ രാമകൃഷ്ണന്റെ സ്മാരകമായി ഇരിങ്ങോൽ നാഗഞ്ചേരി മനയെ പ്രഖ്യാപിക്കുകയും അവിടെ ചരിത്ര മ്യൂസിയവും വാക്സ് മ്യൂസിയവുമുൾപ്പെടെ സ്ഥാപിക്കുകയും ചെയ്യണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, നാഗഞ്ചേരി മനയ്ക്ക് 150 വർഷം പഴക്കമുണ്ടെന്നാണ് രേഖകളിൽനിന്ന് മനസ്സിലാകുന്നത്. മന മറ്റ് ആവശ്യങ്ങൾക്കൊന്നും ഇപ്പോൾ ഉപയോഗിക്കുന്നില്ല. ഇത് ഇപ്പോൾ പെരുമ്പാവൂർ നഗരസഭയുടെ പൂർണ്ണ ഉടമസ്ഥതയിലാണ്. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് നാഗഞ്ചേരി മന ചരിത്ര സ്മാരകമാക്കി നിലനിർത്തുന്നതിനും മ്യൂസിയം, പാർക്ക്, അക്വേറിയം എന്നിവ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും സംസ്ഥാന പുരാവസ്തു വകുപ്പുവഴി ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(8) മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഭൂമി കേസിലെ സ്റ്റേ ഉത്തരവ് നീക്കം ചെയ്യാൻ നടപടി

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ വിവാദമായ മെർക്കിസ്റ്റൺ എസ്റ്റേറ്റ് കേസുമായി ബന്ധപ്പെട്ട് ഐ.എസ്.ആർ.ഒ.-ക്ക് സേവി മനോമാത്യു വിറ്റ 81 ഏക്കർ 50 സെന്റ് എസ്റ്റേറ്റ് വക ഭൂമി സംബന്ധിച്ച് 7-9-2007-ലെ ഇ.എഫ്.എൽ. കസ്റ്റോഡിയൻ ഉത്തരവും പ്രസ്തുത സ്ഥലം ഒഴിഞ്ഞുപോകാൻ തിരുവനന്തപുരം ഡി.എഫ്.ഒ. നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ഹൈക്കോടതി 4-10-2007-ൽ സ്റ്റേ ചെയ്യുകയുണ്ടായി. ഈ ഗവൺമെന്റ് സ്റ്റേ വെക്കേറ്റ് ചെയ്തുകിട്ടാനായി 23-10-2007-ൽ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ട് മൂന്ന് കൊല്ലക്കാലം ആകാൻ പോകുകയാണ്. മൂന്ന് വർഷമായിട്ടും സ്റ്റേ ഉത്തരവ് നീക്കം ചെയ്ത് ഈ കേസിൽ തീർപ്പ് കൽപ്പിക്കാനുള്ള യാതൊരു ശ്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നിയമസഭയിൽ കൊടുത്ത ഉത്തരത്തിൽത്തന്നെ 42 പ്രാവശ്യം ഈ കേസ് ഹൈക്കോടതിയിൽ പോസ്റ്റ് ചെയ്യുകയുണ്ടായി. 42 പ്രാവശ്യവും ബഹുമാനപ്പെട്ട ഗവൺമെന്റിനുവേണ്ടി ഹാജരായ വക്കീലൻമാർ ഈ കേസ് മാറ്റിവയ്ക്കണമെന്നുള്ള ഒരു സബ്മിഷൻ അല്ലാതെ കോടതിയുടെ മുമ്പിൽ ഈ സ്റ്റേ വെക്കേറ്റ് ചെയ്യണമെന്നോ ഈ കേസിൽ തീർപ്പുണ്ടാക്കണമെന്നോ ഒരു പ്രാവശ്യം പോലും ആവശ്യപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ ഈ കേസിൽ തീർപ്പാകരുത് എന്നുള്ള ഒരു നിർദ്ദേശം അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലും ഗവൺമെന്റ് പ്ലീഡർമാർക്കും കൊടുത്തിട്ടുള്ളത് കൊണ്ട് മനഃപൂർവ്വമായ ഉപേക്ഷ വരുത്തിക്കൊണ്ട് ഈ കേസിൽ തീരുമാനം ഉണ്ടാക്കാതിരിക്കാൻ ശ്രമിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഐ.എസ്.ആർ.ഒ. പറഞ്ഞിട്ടുണ്ട്, "Since the ownership of the land is under dispute in the Hon'ble High Court of Kerala, action on refund of the cost of the land from Shri Xavi Mano Mathew will depend on the Court verdict.' മനഃപൂർവ്വമായി ഗവൺമെന്റ് ഉപേക്ഷ കാണിക്കുന്നതുകൊണ്ടാണ് ഇതിൽ തീരുമാനം ആകാത്തതെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly